# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P7/1331/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P7/1331/2022 തീയ്യതി: 29/07/2022

## കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി എം.ഡി | ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ) | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി. ഓഡിറ്റ് ഓഫീസർ.ഹ.ഗ്രേ
ശ്രീമതി.ഷീജ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി.ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ )
ശ്രീ. ശ്രീകുമാർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജലജ ഗോപാൽ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി.ആമിനാ ഷെരീഫ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.സ്റ്റീഫൻ മോത്തീസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 13-11-2020 | 20-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആമിനാബീവി | അസി.സെക്രട്ടറി (ഇൻചാർജ്ജ്) | 01-04-2020 | 18-06-2020 |
| ശ്രീമതി.സശീല | അസി.സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീമതി.സജിത മോൾ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സൂസൺ ജോൺ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് സദക്കദുള്ള | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ.സീന.എസ്.എൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.നവീൻ.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.മനുജ.ആർ.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗ്രേസി തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. നൗഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലിജി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.കർത്തിക | അസിസ്റ്റന്റ് എൻജിനീയർ | 01-07-2020 | 17-07-2020 |
| ശ്രീമതി.ഹസീന | അസിസ്റ്റന്റ് എൻജിനീയർ | 18-07-2020 | 17-08-2020 |
| ശ്രീമതി.ബ്ലസിമേരി | അസിസ്റ്റന്റ് എൻജിനീയർ | 18-08-2020 | 26-10-2020 |
| ശ്രീമതി.മിനി,ആർ | അസിസ്റ്റന്റ് എൻജിനീയർ | 27-10-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ ജെ | ഐ.സി.ഡി.എസ് | 01-04-2020 | 27-11-2020 |
| ശ്രീമതി.ഷീല | ഐ.സി.ഡി.എസ് | 28-11-2020 | 31-03-2021 |
| ശ്രീമതി. ശോഭനാ ഉപേന്ദ്രനാഥ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreekumar.S (Auditor, On 13-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 10-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 05-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-10 |
| 12 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ 82,856/- രൂപയുടെ നഷ്ടം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-11 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-12 |
| 14 | കുടിവെള്ള വിതരണം ജി.പി.എസ്സ് റിപ്പോർട്ട് ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-13 |
| 15 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: R.Sheeja (Asst. Audit Officer, On 12-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-14 |
| 16 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 12-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-15 |
| 17 | ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻപദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: R.Sheeja (Asst. Audit Officer, On 13-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-16 |

| | | |
|---|---|---|
| 18 | കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-17 |
| 19 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 10-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-18 |
| 20 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:ഭൂവികസനപ്രവർത്തനങ്ങൾ- കൃഷി നടന്നതിന്റെ രേഖയില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 10-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-19 |
| 21 | പ്രോജക്ട് നമ്പർ So169/21കുടിവെള്ള പദ്ധതി-വാർഡ് 2 ആസൂത്രണപ്പിഴവ്മൂലം പദ്ധതി പൂർത്തീകരിക്കാൻകഴിഞ്ഞില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 12-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-20 |
| 22 | ഭവനപുനരുദ്ധാരണം എസ്.സി.പി - മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നല്കി.<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-21 |
| 23 | ഭവന പുനരുദ്ധാരണം - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-22 |
| 24 | സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-23 |
| 25 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-24 |
| 26 | ഗ്രാമപഞ്ചായത്തിലെ സഞ്ചയ രേഖകൾ പ്രകാരം നിലവിലില്ലാത്ത വീടിന് പഠനമുറി ആനുകൂല്യം നൽകി<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-25 |
| 27 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-26 |
| 28 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-27 |
| 29 | ഭൂമി വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-28 |
| 30 | ലൈഫ് മിഷൻ ഭവന നിർമ്മാണം - 2018-19 ൽ എഗ്രിമെന്റിലേർപ്പെട്ട് 2019-20 ലും 2020-21ലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 1-29 |
| 31 | സി എച്ച് സിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അക്കൗണ്ടിൽ വരവ് വന്നില്ല<br>Written By: Sreekumar.S (Auditor, On 15-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-30 |
| 32 | രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: G.Ambili (Senior Grade Auditor, On 21-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-31 |
| | ഭാഗം **2** | |
| 1 | സി എച്ച് സിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അക്കൌണ്ടിൽ വരവ് വന്നില്ല | 2-1 |

| | | |
|---|---|---|
| | Written By: Rajina A.S (Auditor, On 27-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | |
| 2 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ 82856 രൂപയുടെ നഷ്ടം<br>Written By: Rajina A.S (Auditor, On 27-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 2-2 |
| ഭാഗം **3** | | |
| 1 | പ്രോജക്റ്റ് നമ്പർ So169/21കുടിവെള്ള പദ്ധതി-വാർഡ് 2 പദ്ധതി പൂർത്തീകരിക്കാൻകഴിഞ്ഞില്ല.80310/- രൂപ നിരാകരിക്കുന്നു,13,19,135/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-1 |
| 2 | ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻപദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: R.Sheeja (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-2 |
| 3 | സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി<br>Written By: Rajina A.S (Auditor, On 27-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 27-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Sreekumar.S (Auditor, On 14-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Sreekumar.S (Auditor, On 14-07-2022)<br>Last Updated By: Naseer S (Computer Assistant, On 27-07-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19/03/2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23/03/2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 24-09-2021 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിന്റെ സോഴ്സ് ഡിഡക്ഷൻ വന്ന തുകയ്ക്ക് ജി.ഓ. പ്രോജക്ട് വച്ച് ചെലവ് ബുക്ക് ചെയ്തില്ല.

2) ചെലവ് വാർഷികകണക്കുകളിൽ ചേർത്തിരിക്കുന്ന ഹെഡുകൾ തെറ്റാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് | യഥാർത്ഥ ചെലവ് നടന്ന ഹെഡ് | തുക (₹) |
|---|---|---|
| Machinary& Equipement -Milk Cold Storage For Dairy Development Society | പാലിന് സബ്സിഡി | 601944/- |
| Infrastructure Facilities -Transportation Assistance To Milk Societies Which Does Not Have Milk Routs | | 318056/- |
| Infrastructure Facilites -Modernisation Of Mini Diary Unit | കാലിത്തീറ്റ സബ്സിഡി | 393120/- |

3. ചെലവു തുക ഹെഡുകളിൽ കൃത്യമായിട്ടല്ല പോസ്റ്റ് ചെയ്തിരിക്കുന്നത്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് വിവരണം | വാർഷികകണക്ക പ്രകാരമുള്ള ചെലവ് (₹) | സുലേഖ പ്രകാരമുള്ള ചെലവ് (₹) |
|---|---|---|
| Sanitation And Waste Management (Viability Gap Funding) | 26,85,818/- | 0 |
| Welfare Of Destitute | 3,47,000/- | 1,25,000/- |
| Medical Institiutions Homoeopurchase Of Medicine In Health Institiutions | 1,50,000/- | 35,000/- |
| Health Related Activites Palliative Care | 2,61,900/- | 4,26,700/- |
| Medical Institiutions Ayurveda Purchase Of Medicine In Health Institiutions | 18,97,523/- | 5,00,000/- |
| Calf Providing Animals | 3,45,000/- | 6,72,000/- |

4. കാനറാ ബാങ്ക് തനതു ഫണ്ട് -റിക്കൺസിലിയേഷൻ കൃത്യമല്ല.

5. Secured ലോൺ ആയി വരവു വന്ന തുക 10,000/-രൂപ (അധികം നല്കിയ തുക തിരിച്ചടച്ചത്) ലോൺ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാതെ ലയബിലിറ്റി ആയി ചേർത്തിരിക്കുന്നു,

6. EPF Employer Share 51,198/-രൂപ ആയി ചേർത്തിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7. തൊഴിൽ നികുതി ഇനത്തിൽ ഉള്ള തുക രജിസ്റ്ററും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
8. ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന 10,816/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40381963/-രൂപ |
| വരവ് | 107411191/-രൂപ |
| ആകെ | 147793154/-രൂപ |
| ചെലവ് | 114613078/-രൂപ |
| നീക്കിയിരിപ്പ് | 33180076/-രൂപ |
| വരവ് നഷ്ടം | 111600/-രൂപ |
| ഓഡിറ്റ് നിരാകരിച്ച തുക | 167810/-രൂപ |
| ഓഡിറ്റ് തടസപ്പെടുത്തിയ തുക | 5687219/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ০ | 21669940/- | 21669940/- | 18664369/- | 3005571/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 15847000/- | 15847000/- | 10886963/- | 4960037/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | | | | |
| മെയിന്റനൻസ്, റോഡ് | 0 | 15255000/- | 15255000/- | 14438697/- | 816303/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5702000/- | 5702000/- | 4097995/- | 1604005/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 18249572/- | 18249572/- | 7928884/- | 10320688/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7780000/- | 7780000/- | 3578000/- | 4202000/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 217559/- | 1108923/- | 1326482/- | 919616/- | 406866/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| TSC | 147156/- | 0 | 147156/- | 0 | 147156/- |
| ICDS | 658476/- | 645607/- | 1304083/- | 998519/- | 305564/- |
| ശുചിത്വമിഷൻ | | 1935123/- | 1935123/- | 48000/- | 1887123/- |
| മുൻസിപ്പൽ കോർപ്പറേഷൻ ഫണ്ട് | 0 | 1000000/- | 1000000/- | 1000000/- | 0 |
| മറ്റിനം | 0 | 1151483/- | 1151483/- | 826341/- | 325142/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 304688124/- | 165 | | 35 | 58 | 84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 217559/- | 1108923/- | 1326482/- | 919616/- | 406866/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 34043517/- | 34043517/- | 34043517/- | 34043517/- | |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 253080/- |
| കർഷകതൊഴിലാളി പെൻഷൻ | 2372100/- |
| വിധവാ പെൻഷൻ | 25713700/- |
| വാർദ്ധക്യകാല പെൻഷൻ | 36607400/- |
| വികലാംഗ പെൻഷൻ | 7835600/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 580600/- |
| വിധവകൾക്കുളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-7-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,530/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.
റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.22.10.2020 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു.എന്നാൽ അതുവരെയുള്ള കാലയളവിൽ ഡയറി എഴുതിസൂക്ഷിച്ചിട്ടുണ്ട്.
മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ,പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല.മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു.അർഹിക്കുന്ന ഗൗരവത്തിൽ പഠനവും ആസൂത്രണവും നടത്താതെ അശാസ്ത്രീയവും അപ്രായോഗികവുമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുകയും അതേ രീതിയിൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുകയും ചെയ്യുന്നതുമൂലം കുടിവെള്ളപദ്ധതികൾ പോലുള്ള സവിശേഷ പദ്ധതികൾ ഫലവത്താകാതെ പോകുന്ന അവസ്ഥയുണ്ടായി.എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത പല സന്ദർഭങ്ങളിലും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്നതുതന്നെ

പ്രവൃത്തി പൂർത്തീകരിക്കപ്പെട്ട ശേഷമാണ്.ഭരണാനുമതിക്കുപോലും കാത്തുനിൽക്കാതെ അംഗീകൃത എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പിലാക്കുന്ന രീതി അംഗീകരിക്കാൻ കഴിയുന്നതല്ല. എഞ്ചിനീയറിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിക്കുശേഷം കൃഷിയിടങ്ങളിൽ നടന്ന തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ലാത്ത അവസ്ഥ നിലനിൽക്കുന്നു.ഇത് പഞ്ചായത്തിന്റെ വിവിധ പദ്ധതിനിർവ്വഹണാധികാരികളുടെ പദ്ധതിനിർവ്വഹണ പ്രവർത്തനങ്ങളുടെ ഏകോപനത്തിലെ അപാകതയായി വിലയിരുത്തുന്നു. കൂടാതെ മൺകയ്യാല നിർമ്മാണം പോലുള്ള പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സാധാരണ അനുവദനീയമായതിലും അധിക നിരക്കിലുള്ള പ്രവൃത്തിഇനങ്ങൾ ഉൾപ്പെടുത്തിയതുമൂലം അധിക ചെലവുണ്ടാകുന്നതായും നിരീക്ഷിക്കുന്നു. കൃത്യമായി സ്ഥലപരിശോധന നടത്തിമാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/05/2022 | 10/2021 മുതൽ 3/2022 | 02/07/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.04.2018 മുതൽ 08.05.2018 വരെ | 2013-14 മുതൽ 2017-18 | 11-07-2018 |

## 1-11 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ 82,856/- രൂപയുടെ നഷ്ടം

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ മേഖലാവിഭജനം എന്നിവ ,19-10-2011ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയുമായാണ് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ടുള്ളത് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. അതുപോലെ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുകയും ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ച കെട്ടിടത്തിന് അനധികൃതമായി ഒന്നാം നിലയുടെ 5% ഇളവ് നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | | | | നിർണ്ണയിക്കേണ്ടിയിരിക്കുന്ന വസ്തുനികുതി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണം | നിരക്ക് | വർദ്ധനവ് 20% | ഇളവ് (മേഖല 10%, മേൽക്കൂര 10%, ഒന്നാം നില 5%) 25% | ലൈബ്രറി സെസ് (5%) | നിർണ്ണയിച്ച വസ്തു നികുതി (₹) | നിരക്ക് | ഇളവ് 20% | വർദ്ധനവ് 20% | ലൈബ്രറി സെസ് (5%) | നിർണ്ണയിക്കേണ്ടതായിരുന്ന വസ്തു നികുതി (₹) |
| 16/879 | ആനന്ദ്, | 152.25 | 50/- | - | 1827/- | 290/- | 6076/- | 60/- | 1827/- | 1827/- | 457/- | 9592/- |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആനന്ദ് ഭവൻ, ആല്ലംമൂട് | | | | | | | | | | | |

വസ്തുനികുതി നിർണ്ണയിച്ചതിലെ മേൽപ്പറഞ്ഞ അപാകത മൂലം കെട്ടിടത്തിന്റെ വസ്തുനികുതിയിനത്തിൽ പ്രതിവർഷം 3,516/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 2) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2020-21 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 2/07.07.2022

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയം സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്താണ് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് കെട്ടിടനികുതി നിർണ്ണയിച്ചപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കുന്നില്ല.

1) ബിനു ജോൺ,ജോൺസ് ഭവനം, കരിപ്പൂറം എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷപ്രകാരം 4/1059 മുതൽ 4/1062വരെയുള്ള കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 2951.84ച.മീറ്ററാറാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/കെട്ടിടനമ്പർ | വിസ്തീർണം | നിരക്ക് | അടിസ്ഥാന വസ്തുനികുതി ₹ | വർദ്ധനവ് 20% | ഇളവ് | ലൈബ്രറി സെസ് | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|---|---|---|---|
| 4/1059 | 763.14 | 80 | 61051/- | 12210/- | - | 3664/- | 76926/- |
| 4/1060 | 740.58 | 80 | 59246/- | 11850/- | 3555/- | 3378/- | 70920/- |
| 4/1061 | 620.45 | 80 | 49636/- | 9928/- | 5957/- | 2681/- | 56289/- |
| 4/1062 | 40.61 | 80 | 3248/- | 651/- | 584/- | 166/- | 3481/- |

787.06 ച.മീറ്റർ സെല്ലാർ പാർക്കിംഗ് ഏരിയ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ കെട്ടിടനികുതിയിനത്തിൽ 79334/-രൂപയുടെ (787.06x80 = 62964.8+ 20%വർദ്ധനവ്+ 5%ലൈബ്രറി സെസ്)കുറവുണ്ടായിട്ടുണ്ട് ഇത് സംബന്ധിച്ച് എൻക്വയറി സെക്രട്ടറി ലഭ്യമാക്കിയ മറുപടി സെല്ലാർ പാർക്കിംഗ് ഏരിയ വസ്തുനികുതി നിർണ്ണയത്തിന്റെ പരിധിയിൽ വരുന്നില്ല എന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല .പാർക്കിംഗ് ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ച് 2020-21 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 1/07.07.2022
വരവ് നഷ്ടം – 82,850/-രൂപ (3,516 + 79,334)

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കൺസ്യൂമർഫെഡ് | 1&ii |
| 2 | എ.എൻ.എം ട്രെയിനിംഗ് സ്കൂൾ | 1&11 |
| 3 | സി.എസ്.എ സ്കൂൾ &നേഴ്സിംഗ് | 1&ii |
| 4 | ട്രെൻഡ്സ് | 1&11 |
| 5 | ധന്യ സൂപ്പർമാർക്കറ്റ് | 1&11 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. മേൽ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 5/13-07-2022

1-13 കുടിവെള്ള വിതരണം ജി.പി.എസ്സ് റിപ്പോർട്ട് ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ ഒരു കിലോമീറ്ററിന് ഏറ്റവും കുറഞ്ഞ തുക 51/- രൂപ നിരക്കിലുള്ള ശ്രീ. ഫിറോസ്, ഫയാസ് മൻസിൽ, ആല്ലുംമൂട്, കരീപ്പള്ളി എന്ന വ്യക്തിയുടെ ക്വട്ടേഷൻ 10-3-20ലെ 1(4) കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ടിയാൻ കെ.എൽ 07എ.എക്സ്-8262, കെ.എൽ05 H-5612 എന്നീ വാഹനങ്ങളിലായാണ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയത്.ടി വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ടും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കരാറുകാരൻ സമർപ്പിച്ച കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കുടിവെള്ളം വിതരണം ചെയ്തയിനത്തിൽ കരാറുകാരന് 625672/-രൂപ ((1) വൗച്ചർ നമ്പർ 22000099, ചെക്ക് നം. 994732/5/5/2020 തുക-386121/-രൂപ (2) വൗച്ചർ നമ്പർ 22000257, ചെക്ക് നം. 994885/17-06-2020 തുക-239551/-രൂപ) ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ(സാധാ)494/2020/ത.സ്വ.ഭ.വ തീയതി27/02/2020പ്രകാരം ജി.പി.എസ്സ് ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത്.എന്നാൽ കുടിവെള്ളവിതരണം നടത്തുന്നതിനുപയോഗിച്ച വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയക്ക് (എൻക്വയറി നമ്പർ 4) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.ജി.പി.എസ്സ് റിപ്പോർട്ട് ഹാജരാക്കത്തതിനാൽ കരാറുകാരന് നല്കിയ 625672/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 4/08/07/2022

തടസ്സപ്പെടുത്തിയ തുക – 6,25,672/-രൂപ

1-14 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 32 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി (പ്രോജക്ട് നമ്പർ.55/20-21) കൊല്ലം കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (703011400000036) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക (₹) |
|---|---|---|
| 55/20-21 | 9/20-21; 06.02.2021 | 4,00,000/- |
| | ആകെ | 4,00,000/- ബിൽ നമ്പർ.9/20-21, 06.02.21 |

ആറ് മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, 12,500/-രൂപ സബ്സിഡി അവസാനിക്കുന്നതു വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക

ഒടുക്കവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഞാലിയോട് ക്ഷീരസംഘത്തെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.01.21 ലെ 1 (2) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ഏൽപ്പിക്കുകയും ചെയ്തു. മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്റർ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

11.07.2022 വരെ 2,99,853/- രൂപ വിനിയോഗിച്ചതായും 1,00,147/-രൂപ ശേഷിക്കുന്നതായും വെറ്റിനറി സർജൻ മുഖേന കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ശേഷിക്കുന്ന 1,00,147/-രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-12 /12.07.2022

തടസ്സപ്പെടുത്തിയ തുക-1,00,147/-രൂപ

1-15 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക/ ഫണ്ട് (₹) | അടങ്കൽ (₹) | ബിൽ നമ്പർ / വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 249/20-21 | വാട്ടർ അതോറിറ്റി | ധനകാര്യകമ്മീഷൻ ഗ്രാന്റ് - 2178555/- നഗര സഞ്ചയ ഗ്രാന്റ് - 1,00,000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് - 2178555/- നഗര സഞ്ചയ ഗ്രാന്റ് - 10,00,000/- | 33/20-21, 20.03.21-1,00,000/- 27/20-21, 17.02.21-21,78,555/- | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 3178555/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം. 4/20-21, 08.07.22

തടസ്സപ്പെടുത്തുന്ന തുക - 31,78,555/-രൂപ

1-16 ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻപദ്ധതി ലക്ഷ്യം കൈവരിച്ചില്ല

2020-21 സാമ്പത്തിക വർഷത്തിൽ കാലാവധി അവസാനിക്കുന്ന ഭരണസമിതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (252/20-21) എന്ന പദ്ധതി. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 252/20-21 ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ |
| അടങ്കൽ | 1,00,000/-രൂപ തനത് ഫണ്ട് |
| ചെലവ് | 50,000/-രൂപ (ചെക്ക് നമ്പർ.252621/11.11.20) |

4.08.20 ലെ സ.ഉ.(സാധാ) നം. 1452/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കഴിഞ്ഞ ഭരണസമിതിയുടെ കാലത്തെ വികസന ക്ഷേമപ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനതു ഫണ്ടിൽനിന്ന് 1,00,000/- രൂപ

ചെലവഴിക്കാൻ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 23.09.20 ലെ 7/1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനും ആയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന്, 20-30 മിനിറ്റ് ദൈർഘ്യം ഉള്ള ഡോക്യുമെന്റേഷനു വേണ്ടി പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിലെ പാനൽ സംവിധായകനായ ശ്രീ. വിജുവർമ്മയ്ക്ക് 50,000/- രൂപ (ചെക്ക് നമ്പർ. 252621/11.11.20) മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭരണസമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ഡോക്യുമെന്റേഷനുവേണ്ടി മുൻകൂറായി അനുവദിച്ച 50,000/-രൂപ പത്തു ദിവസത്തിനകം പലിശ സഹിതം ഒടുക്കു വരുത്തേണ്ടതാണെന്നും, അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 11.07.2022 ലെ B2 920/22ാം നമ്പർ പ്രകാരം സെക്രട്ടറി ശ്രീ. വിജുവർമ്മയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കാലാവധി അവസാനിക്കുന്ന ഭരണസമിതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി രൂപീകരിച്ച പദ്ധതി നടപ്പിലാക്കാത്തതിനാൽ ഡോക്യുമെന്റേഷനുവേണ്ടി മുൻകൂറായി അനുവദിച്ച 50,000/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. മേൽ ഉത്തരവ് പ്രകാരം തുക അഡ്വാൻസായി നൽകാൻ നിർദ്ദേശിച്ചിട്ടില്ല. കരാർ വയ്ക്കാതെ മുൻകൂർ നല്കിയതിനാൽ, തുക തിരികെ ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കാനും കഴിയില്ല. കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും 50,000/-രൂപ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 4/08.07.22

## 1-17 കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത ഗുണഭോക്താവിൽ നിന്നും പഞ്ചായത്തിലേക്ക് അപേക്ഷ സ്വീകരിക്കുകയും വകയിരുത്തിയ തുക കേരള സുരക്ഷാ മിഷനിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ.

(83/20-21). ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 83/20-21 കോക്ക് ലെയർ ഇംപ്ലാന്റേഷൻ |
| അടങ്കൽ | 50,000/- (തനത് ഫണ്ട്) |
| ചെലവ് | 50,000/- (ചെക്ക് നമ്പർ. 6080693/29.09.20) |

ഈ പദ്ധതി പ്രകാരം വിന്ദ്യൻ എസ്. നായർ, C/o റ്റി. സുരേഷ് ബാബു, കുറ്റിയിൽ വീട്, കോവിൽമുക്ക് (വാർഡ്.I) എന്ന വ്യക്തിക്ക് വേണ്ടി കേരള സുരക്ഷാ മിഷന്റെ അക്കൗണ്ട് നമ്പർ. 70101140000134 ലേക്ക് ചെക്ക് നമ്പർ.6080693/29.09.20 പ്രകാരം 50,000/-രൂപ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കേരള സുരക്ഷാ മിഷനിലേക്ക് ക്രഡിറ്റ് ചെയ്ത 50,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ (കൈ) നം 22/18 തീ.14.02,2018 ഖ 7-1.2 ബി പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള കേൾവി സഹായികളും മറ്റും നല്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ ഇവിടെ 50,000/-രൂപ കേരള സുരക്ഷാ മിഷനിൽ ഒടുക്കുവരുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. പ്രസ്തുത ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന പദ്ധതിക്കായി ചെലവഴിച്ച 50,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം, മേൽ പരാമർശിത രേഖകൾ എന്നിവ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 11/20-21, 08.07.22

തടസ്സപ്പെടുത്തിയ തുക – 50,000/-രൂപ

## 1-18 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 1652 കുടുംബങ്ങളിലെ 1910 വ്യക്തികൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 91978 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 587 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,48,00,000/- രൂപയുടെ ചെലവ്. ഭൂവികസനം, ലൈഫ് ഭവന

നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ, റോഡ് നിർമ്മാണം എന്നിവയ്ക്കായാണ് മുഖ്യമായും തുകവിനിയോഗിച്ചത്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കൽ എന്ന ഇനത്തിൽ 45 പ്രവൃത്തികൾ ഏറ്റെടുത്ത ഇനത്തിൽ 1,55,94,826/-രൂപായുടെ ചെലവുണ്ട്. 110 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയതിനാണ് പണം ചെലവഴിച്ചിരിക്കുന്നത്.എന്നാൽ ഇത്തരം കൃഷിയിടങ്ങളിൽ നടന്ന തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ലാത്ത അവസ്ഥ നിലനിൽക്കുന്നു.ഇത് പഞ്ചായത്തിന്റെ വിവിധ പദ്ധതി നിർവ്വഹണാധികാരികളുടെ പദ്ധതി നിർവ്വഹണപ്രവർത്തനങ്ങളുടെ ഏകോപനത്തിലെ അപാകതയായി വിലയിരുത്തുന്നു. കൂടാതെ മൺകയ്യാല നിർമ്മാണം പോലുള്ള പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സാധാരണ അനുവദനീയമായതിലും അധിക നിരക്കിലുള്ള പ്രവൃത്തിഇനങ്ങൾ ഉൾപ്പെടുത്തിയതുമൂലം അധിക ചെലവുണ്ടാകുന്നതായും നിരീക്ഷിക്കുന്നു. ഉദാ:Earthern Bund: സാധാരണ നിലയിൽ അനുവദിച്ചുക്കാവുന്ന നിരക്ക് 169.053/m3ആണ്. (ഇനം2.3.1). എന്നാൽ ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിൽ ആകെ എറ്റെടുത്ത 17 മൺകയ്യാല നിർമ്മാണപ്രവൃത്തികൾക്കും അനുവദിച്ചുനൽകിയിരിക്കുന്ന നിരക്ക് 276.723/m3 എന്നതാണ്. (ഇനം2.2.1).(17പ്രവൃത്തികളിലായി 14433.47m3 മൺകയ്യാല നിർമ്മിച്ചതിന് ആകെ 4382378/-രൂപായുടെ ചെലവുണ്ട്). കൃത്യമായി സ്ഥലപരിശോധന നടത്തിമാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .

2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

3. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.

4. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

5. ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതിന്റേയും കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

6. 2020-2021 വർഷങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടമുണ്ടാകുന്നതായി രേഖയില്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10 /06/2013 -ലെ സർക്കാർ ഉത്തരവ്(എം.എസ്. ) നം.218/2013 പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിയെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയത്. ഇതിൽ തൊഴിലാളി ഗ്രാമ സഭയുടെ സംഘാടനം, പ്രവൃത്തികളുടെ മേൽ നോട്ടം, അളവിന്റെ പരിശോധന എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കപ്പെടുന്നതായി രേഖയില്ല.

2. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

3. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ കൃത്യമായി നടത്തിയതായി രേഖയില്ല.

4. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ (ജി.ഒ.എം. എസ് 305/2010/തീ.21.2.2010 ഉത്തരവിലെ നിർദ്ദേശത്തിൻ്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് സെല്ലിൻ്റെ പ്രവർത്തനം

വ്യക്തമാക്കുന്ന രേഖയില്ല.
മേൽ വിഷയങ്ങൾ ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

1-19 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:ഭൂവികസനപ്രവർത്തനങ്ങൾ- കൃഷി നടന്നതിന്റെ രേഖയില്ല.

2020-21 വർഷത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി 45 തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 1,55,94,826/- രൂപ ചെലവഴിച്ചു. 110 ഹെക്ടർ സ്വകാര്യഭൂമി/തരിശുനിലം ആണ് കൃഷിയോഗ്യമാക്കിയതായി കാണിച്ചിരിക്കുന്നത്. പദ്ധതി സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഭൂവുടമകളിൽ നിന്നും കൃഷിയോഗ്യമാക്കിയ ഭൂമിയിൽ കൃഷിനടത്തിക്കൊള്ളാം എന്ന ഉറപ്പ് രേഖാമൂലം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി രേഖയില്ല.
3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എം എൻ ആർ ഇ ജി എസ് അക്രഡിറ്റഡ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/11.7.22 ന് മറുപടിയായി തങ്ങളുടെ ഭൂമി കൃഷിയോഗ്യമാക്കണമെന്ന ഭൂഉടമകളുടെ അപേക്ഷ പരിഗണിച്ചാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന മറുപടി ലഭ്യമാക്കി.എന്നാൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
മേൽ വിഷയം ഭരണസമിതിയുടെ ഗൗരവ ശ്രദ്ധയ്ക്ക് കൊണ്ടുവരുന്നു.കാർഷിക മേഖലയിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരെ വിനിയോഗിക്കുമ്പോൾ കൃഷിവികസന ഓഫീസറുടെ മേൽനോട്ടവും ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ ഏകോപനവും സംയുക്തമായ പ്രവർത്തനവും ഉറപ്പാക്കി ദീർഘവീക്ഷണത്തോടുകൂടി ഇത്തരം കാർഷികാനുബന്ധ പദ്ധതികൾ ആവിഷ്കരിച്ച് ഫലവത്താക്കാൻ പഞ്ചായത്ത് ഭരണസമിതിയുടേയും വികസന സ്റ്റാൻഡിങ് കമ്മിറ്റിയുടെയും ജാഗ്രവത്തായ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

1-20 പ്രോജക്ട് നമ്പർ S0169/21കുടിവെള്ള പദ്ധതി-വാർഡ് 2 ആസൂത്രണപ്പിഴവ്മൂലം പദ്ധതി പൂർത്തീകരിക്കാൻകഴിഞ്ഞില്ല.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഇനത്തിൽ 15,00,000/-രൂപ വകയിരുത്തി അസിസ്റ്റന്റ് എൻജിനീയറുടെ നിർവ്വഹണാധികാരത്തിൽ 18-19 വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു ഇത്.(പ്രോജക്ട് നമ്പർ 134, ടി.എസ് നമ്പർ 66859/18-19). ഈ പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ് ,എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം വാർഡ് 2 ൽ നിലവിലുണ്ടായിരുന്ന കുടിവെള്ള കിണർ ആഴവും വിസ്തൃതിയും വർധിപ്പിച്ച് '300cm Dia And 30 Cm Height And 7.5cm Thick RC Ring'കൾ,ആവശ്യമായ പൈപ്പ് ലൈനുകൾ,വാട്ടർടാങ്ക്,വൈദ്യുത പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ച് രണ്ടാം വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.പദ്ധതി നടത്തിപ്പിനായി ഇ-ടെൻഡറിലൂടെ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ടുചെയ്ത ശ്രീ.അശോകൻ എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും,എസ്റ്റിമേറ്റ് നിരക്കിൽ ടിയാളുമായി 28.11.18ൽ പ്രവൃത്തി നിർവഹണം സംബന്ധമായി അസി.എഞ്ചിനീയർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. (കരാർ നംമ്പർ 70/AE/ELM/LSGD/18-19).

എന്നാൽ, തുടർന്ന് പരാമർശിത പ്രാഥമിക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായി 8.35 മീറ്റർ വീതി 8.60 മീറ്റർ നീളങ്ങളോടുകൂടി വാർഡ് 2 ൽ നിലനിന്നിരുന്ന ഒരു കുളത്തിൽ 11.3 മീറ്റർ ആഴത്തിലും 4.5 മീറ്റർ വ്യാസത്തിലും 0.25 മീറ്റർ ഘനത്തിലും ഒരു കോൺക്രീറ്റ് കിണറും പൈപ്പ്

ലൈനുകളും മാത്രം സ്ഥാപിക്കുന്ന വിധത്തിൽ പദ്ധതി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പദ്ധതി നടപ്പിൽ വരുത്തി.ഇതുമൂലം 13,99,445/-രൂപ ചെലവഴിച്ചശേഷം ഫലപ്രാപ്തി കൈവരിക്കാതെ പദ്ധതി വഴിയിലുപേക്ഷിച്ചിരിക്കുന്ന നിലയുണ്ടായി. പദ്ധതി ആസൂത്രണത്തിലും നടപ്പിൽ വരുത്തിയതിലും പദ്ധതി നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം 80,310/- രൂപ നിരാകരിക്കുകയും 13,19,135/-രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

1-21 ഭവനപുനരുദ്ധാരണം എസ്.സി.പി - മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.പ്രോജക്റ്റ് നം | 144/21 ഭവനപുനരുദ്ധാരണം എസ്.സി.പി. |
| അടങ്കൽ തുക | 13,75,000/-രൂപ (വികസനഫണ്ട് എസ്.സി.പി.-) |
| ചെലവഴിച്ച തുക | 10,50,000/-രൂപ (വികസനഫണ്ട് എസ്.സി.പി.) |

മേൽ പദ്ധതിയുടെ അപേക്ഷകൾ, അക്വിറ്റൻസ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ തൻവർഷം ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഇതേ ആവശ്യത്തിന് മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പട്ടികജാതി വിഭാഗം.

| ക്രമ നം | പേര് | നല്കിയ തുക (₹) | മുൻവർഷം ലഭിച്ച തുക (₹)/ വർഷം |
|---|---|---|---|
| 1 | സുന്ദരൻ, വാറൂർമേലതിൽ വീട്, വാർഡ് 10 | 25000/- (ബിൽ നം 2/14-10-19) 11-4-20 ൽ 25000/- (2020-21) | 25000/- (12500/- 196681/13-12-13, 12500/-, 197351/7-1-14) 2013-14 |
| 2 | ശ്രീമതി. ശശിരേഖ (രേഖസുക), സുമേഷ് ഭവൻ, വാർഡ് 9 | 25000/- (ബിൽ നം 2/14-10-19)) 29-6-20 ൽ 25000/-(2020-21) | 25000/- (12500/- 571947/18-3-14, 12500/-, 573582/9-4-14) 2013-14 |
| 3 | മിനി, തൃക്കോയിക്കൽ മേലതിൽ, വാർഡ് 10 | 25000/- (ബിൽ നം 2/14-10-19) 11-5-20 ൽ 25000/- (2020-21) | 25000/- (12500/- 572128/20-3-14, 12500/-, 572952/31-3-14) 2013-14 |
| | ആകെ | 150000/- | |

ഗുണഭോക്തൃലിസ്റ്റിൽ ഭവനപുനരുദ്ധാരണത്തിന് ഇതുവരെ ആനുകൂല്യം ലഭിക്കാത്ത അർഹരായ മറ്റ് ഗുണഭോക്താക്കളുണ്ടായിരിക്കെ മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകൂല്യം നല്കി. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കണമെന്ന നിബന്ധന പാലിക്കാത്തത് മൂലവും നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷ, മുൻവർഷ ആനുകൂല്യ വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ ഭവനങ്ങൾ എന്നിവ കൃത്യമായി പരിശോധിക്കാതിരുന്നതിനാലുമാണ് മേൽ വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റുന്നതിനിടയായത്. പ്രസ്തുത വിഷയം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 പ്രകാരം പരാമർശിച്ചിട്ടുണ്ട്.

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലെ ഒരു അപേക്ഷയിൽപോലും

നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാറിപ്പോർട്ട് ഉൾപ്പെടുത്തുകയോ മേൽവിവരങ്ങൾ സൂചിപ്പിച്ചു കൊണ്ട് പദ്ധതി നിർവ്വഹണാരംഭത്തിന് മുമ്പോ, ശേഷമോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്തിരുന്നില്ല. മുൻവർഷ ഓഡിറ്റിന്റെ ഭാഗമായി നൽകിയ എൻക്വയറിയുടെ മറുപടിയോടൊപ്പം ഹാജരാക്കിയ 7-7-20ലെ 6(14) കമ്മിറ്റി തീരുമാനത്തിൽ(ഓഡിറ്റ് ആരംഭിച്ചത് 6-7-20ൽ), നിർവ്വഹണോദ്യോഗസ്ഥന്റെ ഫീൽഡ് തല വെരിഫിക്കേഷനിൽ പ്രളയക്കെടുതിയാൽ നാശനഷ്ടം സംഭവിച്ചതായി കണ്ടതിനാലാണ് മേൽ വ്യക്തികളുടെ വീടുകൾക്ക് ആനുകൂല്യം നല്കിയതെന്നും ടി നടപടി സാധൂകരിക്കുന്നു എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.അതിനാൽ ഓഡിറ്റിൽ അപാകത കണ്ടെത്തി അറിയിച്ചതിന് ശേഷമുള്ള കമ്മിറ്റി തീരുമാനം ഉൾപ്പെടെ ഹാജരാക്കിയ മറുപടി അംഗീകരിക്കുന്നില്ല. അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിൽ ശേഷിക്കെ അനർഹർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി മേൽ പ്രോജക്ടിന്റെ സ്പിൽ ഓവർ ആയി 2020-21 ൽ ചെലവഴിച്ച 75,000/-രൂപ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/10.7.22

തടസ്സപ്പെടുത്തുന്ന തുക – 75,000/- രൂപ

1-22 ഭവന പുനരുദ്ധാരണം - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസായി ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) | ഗുണഭോക്താവ് | തുക കൈപ്പറ്റിയ ബിൽ നമ്പർ | കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|---|
| ഭവന പുനരുദ്ധാരണം എസ്.സി (39) | 2520000/- | 860000/- | രാധാമണി, മുരുകേശൻ , മുകേഷ് ഭവനം, പുനക്കന്നൂർ പെരുമ്പുഴ | 10/27-01-21 | 20,000/- |
| | | | ശ്യാമള, വിനീത ഭവൻ , തലപറമ്പ് , പെരുമ്പുഴ | 12/29-2-21 | 20,000/- |
| ഭവന പുനരുദ്ധാരണം ജനറൽ (32) | 2520000/- | 1600000/- | വിജയമ്മ, രമ്യാഭവനം, പെരുമ്പുഴ | 8/22-1-21 | 15,000/- |
| | | | രമാദേവി , അഭിലാഷ് ഭവനം, പുനക്കന്നൂർ | തനതുഫണ്ട് ചെക്ക് നമ്പർ | 15,000/- |
| ഭവനപുനരുദ്ധാരണം എസ്.സി (144) | 13,75,000/- | 10,50,000/- | കല്യാണി, മംഗലശേരീൽ പൊയ്കയിൽ , പെരുമ്പുഴ | 2019-20 ൽ ഒന്നാം ഗഡു കൈപ്പറ്റിയതാണ്. | 25,000/- |
| | | | ഗീതാ ഗോപാലൻ , പണയിൽ വീട് | | 25000/- |
| | | | ശ്രീകുമാർ | | 25000/- |

| | | | | | |
|---|---|---|---|---|---|
| | | | ആര് എസ്. ഭവനം, പെരിഞ്ഞോലിൽ | | |
| | | | സുജാ, സുജാഭവനം | | 25000/- |
| | | | രാധികാ മോഹൻ , തെക്കേവിള | | 25000/- |
| | | | അംബിക, ചിറക്കരോട്ട് വീട് | | 25000/- |
| ഭവനപുനരുദ്ധാരണം (179) | 3,00,000/- | 2,70,000/- | വിജയകുമാരി , ലാന്തം വീട്, പുനക്കന്നൂർ | 2019-20 ൽ ഒന്നാം ഗഡു കൈപ്പറ്റിയതാണ്. | 15,000/- |
| | | | ഷിഹാബുദ്ദീൻ , നടുവില പുരവിളയിൽ | | 15,000/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-6/10.7.22

1-23 സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 173/21 ഭവനപുനരുദ്ധാരണം ജനറൽ<br>159/20 ഭവനപുനരുദ്ധാരണം ജനറലിന്റെ സ്പിൽഓവർ (101/19 ന്റെ സ്പിൽഓവർ) |
| അടങ്കൽ തുക | 37500/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 37,500/-രൂപ (വികസനഫണ്ട് ജനറൽ) |

101/19 എന്ന 2018-19-ലെ ഭവന പുനരുദ്ധാരണ പദ്ധതി (പൊതു വിഭാഗം)യുടെ സ്പിൽ ഓവർ പദ്ധതിയായ 2019-20-ലെ 159/20 എന്ന പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ 2018-19-ൽ ആനുകൂല്യത്തിന് അപേക്ഷിക്കുകയോ എഗ്രിമെന്റിലേർപ്പെടുകയോ ചെയ്യാത്ത വരും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റിയിൽ അവസാനമുള്ളവരുമായ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് സീനിയോറിറ്റിയിൽ മുന്നിലുള്ള 11ഓളം ഗുണഭോക്താക്കളെ മറികടന്നും സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി മുദ്രപ്പത്രത്തിലെ തീയതിയിൽ തിരുത്ത് വരുത്തിയും സ്പിൽഓവർ പദ്ധതി വഴി 2019-20-ൽ ആനുകൂല്യം നല്കിയിരിക്കുന്നതായി കണ്ടു. ടി ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡു 20-21 സാമ്പത്തികവർഷം ആണ് നൽകിയത്. ടി ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്ന ആനുകൂല്യം നല്കിയതിന്റെ കാരണമോ ടി വ്യക്തികൾക്കു മുമ്പ് ഗുണഭോക്തൃലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ പക്കൽ നിന്നും ടിയാളുകൾക്ക് ആനുകൂല്യം ആവശ്യമില്ലെന്നുള്ള സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. 2018-19 ൽ 20 പേരുൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്നും 4 ഗുണഭോക്താക്കൾക്കാണ് (ക്രമ നം. 1, 2, 3, 5) ആനുകൂല്യം നല്കിയിട്ടുള്ളത്. കൂടാതെ ഒരു ഏകവർഷ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഭൗതീകമോ സാമ്പത്തികമോ ആയ ലക്ഷ്യം ,പദ്ധതി ആരംഭിച്ച വർഷത്തിൽ തന്നെ പൂർത്തീകരിക്കാതാകുമ്പോൾ പദ്ധതി സ്പിൽഓവറാക്കാമെന്നും സ്പിൽഓവറായ വർഷം തന്നെ പദ്ധതിപൂർത്തീകരിക്കണമെന്നും പദ്ധതിമാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ മേൽ നിബന്ധനകൾ

പാലിക്കാതെ 159/20 എന്ന സ്പിൽഓവർ പദ്ധതി 2020-21ൽ 173/21 എന്ന പദ്ധതി വഴി വീണ്ടും സ്പിൽഓവറാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | മുദ്രപ്പത്രത്തിലെ യഥാർത്ഥ തീയതി/നം. | തിരുത്തലിന് ശേഷം തീയതി | നല്കിയ തുക (₹) |
|---|---|---|---|---|
| സജീവ്, സുനിൽഭവനം, വാർഡ് നം12 | 18 | നം. 9503, തീ. 15-10-19 | നം. 9503, തീ. 15-10-18 | 25000/- (12500/- (ബിൽ നം 18/25-1-20 തുക 37500/-) (2019-20) 19-6-20 ലെ ബിൽ വഴി 12500/-(2020-21) |
| സജിനി, തടവിളപുത്തൻവീട്, വാർഡ് നം12 | 17 | നം. 9505, തീ. 15-10-19 | നം. 9505, തീ. 15-10-18 | 25000/-(12500/- (ബിൽ നം. 18/25-1-20 തുക 37500/-) (2019-20) 19-6-20ലെ ബിൽ വഴി 12500/- (2020-21) |
| ഷജില,അനസ് വില്ല,വാർഡ് നം12 | 12 | നം9501, തീ.15-10-19 | നം9501, തീ.15-10-18 | 25000/-(12500/- (ബിൽ നം. 18/25-1-20 തുക 37500/-) (2019-20) 19-6-20ലെ ബിൽ വഴി 12500/- (2020-21) |

മേൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ചതിന്റെ തീയതികളോ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാറിപ്പോർട്ടോ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ പിന്നിലുള്ള ടി വ്യക്തികൾക്ക് അനർഹമായി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ മുദ്രപ്പത്രത്തിൽ തിരുത്തുവരുത്തിയതിനും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറി കടന്ന് ആനുകൂല്യം നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് കൊണ്ട് മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നല്കിയ എൻക്വയറിക്ക് 14-7-20-ൽ ലഭ്യമാക്കിയ മറുപടിയിൽ മുൻ നിർവ്വഹണോദ്യോഗസ്ഥൻ ഫീൽഡ് തല വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റിൽ താഴെ ഉള്ള ഗുണഭോക്താക്കളെ 24-12-18ലെ (2018-19 സാമ്പത്തിക വർഷം) സാധാരണ യോഗത്തിൽ സാധൂകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കാഞ്ഞതിനെ തുടർന്ന് സകർമ്മ സോഫ്റ്റ് വെയറിൽ 24-12-18 ലെ കമ്മിറ്റി തീരുമാനം പരിശോധിച്ചതിൽ എസ്.സി ഭവനപുനരുദ്ധാരണത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ അവസാനം ഉൾപ്പെട്ടു പോയ 19 ാം വാർഡിലെ ശ്രീ. സുഭാഷിതൻ, സുലോചന മന്ദിരം, എസ്.എം.സി 174ന്റെ വീട് തീ പിടിച്ച് പോയതിനാൽ ടിയാന് അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും 6ാം വാർഡിലെ രവീന്ദ്രൻ പിള്ള, രജിൻ

ഭവനം എന്ന വ്യക്തിക്ക് അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും കമ്മിറ്റി അംഗീകരിച്ച എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും എൻക്വയറിയുടെ മറുപടിയിലും തെറ്റായ വിവരങ്ങളാണ് നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. 2020-21-ലും സ്പിൽഓവറാക്കിയതിന്റെ കാരണമായി മറുപടിയിൽ 2018-19 ലെ സ്പിൽഓവർ പ്രോജക്റ്റിന് ആനുകൂല്യം നല്കുന്നതിന് വേണ്ടിയുള്ള ബില്ല് വികസനഫണ്ട് ജനറലിന്റെ അഭാവം മൂലം 2019-20 സാമ്പത്തിക വർഷാവസനവും പെന്റിംഗ് ആയതിനെ തുടർന്നാണ് 2020-21ൽ വീണ്ടും സ്പിൽഓവറാക്കി ആനുകൂല്യം നല്കിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ട ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് രേഖകളിൽ തിരുത്തൽ വരുത്തിയുംഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി 2020-21-ൽ ചെലവഴിച്ച 37500/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 7-7-20 തീയതിയിലെ കമ്മറ്റി തീരുമാനത്തിൽ ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി അംഗീകരിച്ച കൊണ്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് ആരംഭിച്ചത് 6-7-20ൽ ആണ്. ഓഡിറ്റിൽ അപാകത കണ്ടെത്തിയപ്പോൾ ആയതിന് മാത്രം കമ്മിറ്റി തീരുമാനം എടുത്ത നടപടി അംഗീകരിക്കുന്നില്ല. സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ട ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് രേഖകളിൽ തിരുത്തൽ വരുത്തിയുംഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. 2020-21 വർഷം അനുവദിച്ച നൽകിയ 37500/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് അനർഹർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി രേഖകളിൽ തിരുത്തൽ വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥയുടെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുകയും ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ടിയാൾക്കെതിരെ വകുപ്പ് തല നടപടിയ്ക്ക് ശിപാർശ ചെയ്യുന്നു.

എൻക്വയറി നം-6/10.7.22

നിരാകരിച്ച തുക – 37,500/- രൂപ

1-24 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ -11/21

പ്രോജക്ട് -പഠനമുറി

അടങ്കൽ 42,00,000/-രൂപ

ചെലവ് 20,75,000/-രൂപ

പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

| പേര് | കൈപ്പറ്റിയ തുക (₹) | ബിൽ നമ്പർ |
|---|---|---|
| ഷീജാ ദേവി | 50,000/- | 889458/4-1-21 |
| | 75,000/- | 1218728/10-3-21 |
| | 50,000/- | 296931/10-8-21 |
| സുരേന്ദ്രൻ | 50,000/- | 1109061/18-2-21 |
| | 75000/- | 1270954/17-3-21 |
| | 50,000/- | 296931/10-8-21 |
| ബിന്ദു.ജി | 50,000/- | 1109061/18-2-21 |
| | 75,000/- | 296931/10-8-21 |
| | 50,000/- | 438203/23-9-21 |
| രാജിക | 50,000/- | 1126736/22-2-21 |

| | | |
|---|---|---|
| | 75,000/- | 1384518/26-3-21 |
| | 50,000/- | 296931/10-8-21 |
| സുജാത | 50,000/- | 1126736/22-2-21 |
| | 75,000/- | 296931/10-8-21 |
| | 50,000/- | 438209/23-9-21 |
| സുലോചന | 50,000/- | 1126736/22-2-21 |
| | 75,000/- | 1384518/26-3-21 |
| | 50,000/- | 296931/10-8-21 |
| സിന്ധു | 50,000/- | 1270954/17-3-21 |
| | 75,000/- | 296931/10-8-21 |
| | 50,000/- | 438209/23-9-21 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ രണ്ടു പേർ പണി പൂർത്തികരിച്ചിട്ടുണ്ടെന്നും ബാക്കി തുക നൽകി വിവരം അറിയിക്കുന്നതാണെന്നും ബാക്കി ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

പഠനമുറി പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ വീടിന് ഘടനാപരമായ മാറ്റം വന്നതോടെ ടാക്സ് റീ അസ്സസ്സ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -6/10.7.22

1-25 ഗ്രാമപഞ്ചായത്തിലെ സഞ്ചയ രേഖകൾ പ്രകാരം നിലവിലില്ലാത്ത വീടിന് പഠനമുറി ആനുകൂല്യം നൽകി

പ്രോജക്ട് നമ്പർ -11/21

പ്രോജക്ട് -പഠനമുറി

അടങ്കൽ -42,00,000/-രൂപ

ചെലവ് -20,75,000/-രൂപ (ബിൽ നം.15/23.2.21)

നിർവഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ സുലോചന എന്ന വ്യക്തിയുടെ കെട്ടിടനമ്പർ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 7-639 എന്നാണ്. പ്രസ്തുത ഫയലിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റില്ല.ഫയലിൽ ചേർത്തിരിക്കുന്ന Form 6 പ്രകാരം ടി കെട്ടിടം രതീഷ് ബാബു/അനു,ആയുഷ് ഭവൻ,കുണ്ടറ എന്ന വ്യക്തിയുടേതാണ്.എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ ഉടമ സുലോചന എന്ന വ്യക്തി അല്ല. ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സ്റ്റേറ്റ് മെന്റ് പ്രകാരം എഴാം വാർഡിൽ സുലോചന എന്ന പേരായ വ്യക്തിക്ക് നിലവിൽ കെട്ടിടങ്ങൾ ഒന്നും തന്നെയില്ല എന്ന ബോധ്യപ്പെട്ടിട്ടുണ്ട്.നിലവിൽ പഞ്ചായത്തിന്റെ രേഖകളിൽ വീട് ഇല്ലാത്ത വ്യക്തിക്ക് പഠനമുറിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ ഈ വ്യക്തിയ്ക്ക് വീട് ഉണ്ട് എന്നും എന്നാൽ പഞ്ചായത്തിൽ നമ്പർ ഇട്ടിട്ടില്ല എന്നും പഠനമുറി പണിഞ്ഞിട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.നിലവിലുള്ള കെട്ടിടമാണെങ്കിൽ കെട്ടിട നമ്പർ നൽകി ക്രമീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.-5/10.7.22

1-26 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ച -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക ,വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം.SO 214/21 (SABTM തടവിള റോഡ് പുനരുദ്ധാരണം)

അടങ്കൽ തുക.400000/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ്)
ചെലവ് തുക 397854/-രൂപ (ബിൽ നമ്പർ 80/29.3.21)
കരാറുകാരൻ - ശ്രീ.വിജയരാജ്.ഡി
എഗ്രിമെന്റ്നം.42/AE/ELM/LSGD/19-20/20.11.2019.
ടി.എസ്.നം.32984/19-20
എം.ബുക്ക് നം.20/20-21
എഗ്രീഡ് പി.എ.സി.355411/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം. 3മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 24.11.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി :20.03.2021.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 23.02.2020.
വൈകിയ കാലയളവ് : 391 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ :19852/-രൂപ (355411/-രൂപ X0.1% X391/7).
ഈടാക്കിയ ഫൈൻ :3567/-രൂപ
ഈടാക്കിയതിൽ കുറവുവന്ന തുക.16285/-രൂപ

2.പ്രോജക്ട് നം .SO 139/21 ( കല്ലുപാലക്കട പാട്ടുപുരയ്ക്കൽ ഏലാ തോട് സൈഡ്കെട്ട്,വാർഡ് 8)

അടങ്കൽ തുക.838000/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ്)
ചെലവ് തുക 780940/-രൂപ(ബിൽ നമ്പർ 3/17.04.20:Rs482010/-;ബിൽ നമ്പർ 20/20.04.20:Rs298930/-)
കരാറുകാരൻ - ശ്രീ.കെ പി ബദറുദ്ദീൻകുട്ടി.
എഗ്രിമെന്റ്നം.39/AE/LSGD/ELM/18-19/16.07.2018.
ടി.എസ്.നം.12377/18-19
എം.ബുക്ക് നം.39/19-20,59/19-20
എഗ്രീഡ് പി.എ.സി.780940/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം. 6മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 20.07.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി :27.03.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 19.01.2019.
വൈകിയ കാലയളവ് : 433 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ :48307/-രൂപ (780940/-രൂപ X0.1% X433/7).
ഈടാക്കിയ ഫൈൻ :7103/-രൂപ

ഈടാക്കിയതിൽ കുറവുവന്ന തുക.41204/-രൂപ

ആകെ 57489/-രൂപ

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8/13.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

57489/-രൂപ ഉത്തരവാദിയായ പദ്ധതിനിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-27 വാലുവേഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ അപാകതകൾ

2020-21 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.0011/2021 - പഠനമുറി (എസ്.സി.പി) എന്ന പദ്ധതിക്കായി വികസനഫണ്ടി(എസ്.സി.പി)ൽ നിന്നും വകയിരുത്തിയ 42 ലക്ഷം രൂപ ചെലവഴിച്ച് 2075,000/- വിദ്യാർത്ഥികൾക്കായി 2 ലക്ഷം രൂപ വീതം ധനസഹായം വകയിരുത്തിയിട്ടുണ്ട്. പതിനെട്ടു ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് തുക നൽകി.പതിനൊന്നു ഗുണഭോക്താക്കൾ ക്ക് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച വാല്വേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം വാല്വേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ ഇവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർമ്മാണത്തിനു ചെലവായ തുക മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 2 ലക്ഷം രൂപയ്ക്ക് മുകളിൽ തുക ചെലവായതായാണ് ഓരോ വാലുവേഷൻ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്നത്. പഠനമുറി 120 ചതുരശ്രഅടിയിൽ അധികരിക്കാതെ ആണ് നിർമ്മിക്കേണ്ടത്. എന്നാൽ വാലുവേഷനിൽ എത്ര ചതുരശ്ര അടിയിൽ ആണ് നിർമ്മിച്ചത് എന്നു വ്യക്തമാക്കിയിട്ടില്ല. ആയതിന് വിശദികരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കൃത്യമായ വാലുവേഷൻ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/10.7.22

1-28 ഭൂമി വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് മൂന്നാംഘട്ടം ഭൂരഹിതർക്ക് ഭൂമിവാങ്ങൽ ജനറൽ, എസ്.സി.പി. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വേണ്ടി ഭൂമി വാങ്ങിയിരിക്കുന്നത് മക്കളുടെ പേരിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഭൂമി രജിസ്റ്റർ ചെയ്തിരിക്കുന്നത് |
|---|---|
| കുഞ്ഞുപെണ്ണ് | മകൾ ലത |
| നളിനി | മകൻ രഞ്ജീവ് തുളസീദാസ് |
| സരോജിനി | മകൻ അനിൽകുമാർ |

60 വയസ്സ് പ്രായം കഴിഞ്ഞവരുടെ ആനുകൂല്യം അതേ റേഷൻ കാർഡിൽ ഉൾപ്പെട്ട മക്കൾക്ക് മാത്രം നൽകിയതിനാൽ നിലവിൽ ഗുണഭോക്താവ് വീണ്ടും ഭൂരഹിതനായി തുടരും. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2) പ്രസ്തുത ഭൂമി വാങ്ങൽ പദ്ധതി പ്രകാരം 2020-21 വർഷം ശ്രീ. ഹരികൃഷ്ണനിൽ നിന്നും 6 ഗുണഭോക്താക്കളും ശ്രീ. ബെജി ജോർജ് നിന്നും 7 ഗുണഭോക്താക്കളും വസ്തു വാങ്ങിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി ഗൈഡ് ലൈൻ പ്രകാരം 5 പേരിൽ കൂടുതൽ ഒരേ വ്യക്തിയിൽ നിന്നും വസ്തു വാങ്ങുന്നുവെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും ഡവലപ്പ്മെന്റ് പെർമിറ്റ് എടുക്കുകയും, പർച്ചേസ് കമ്മിറ്റി കൂടി നെഗോഷ്യേറ്റ് ചെയ്തു വില ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഡവലപ്പ്മെൻറ് പെർമിറ്റ് എടുക്കുകയോ പർച്ചേസ് കമ്മിറ്റി കൂടുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-5/10.7.22

1-29 ലൈഫ് മിഷൻ ഭവന നിർമ്മാണം - 2018-19 ൽ എഗ്രിമെന്റിലേർപ്പെട്ട് 2019-20 ലും 2020-21ലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി 2018-19 ലെ ജനറൽ & എസ്.സി.പി. പദ്ധതികൾ വഴി എഗ്രിമെന്റിലേർപ്പെട്ട് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കൈപ്പറ്റിയ തുക (₹) | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|
| ജനറൽ വിഭാഗം | | | |
| 1 | മറിയംബീവി, തടവിള പടിഞ്ഞാറ്റതിൽ, വാർഡ് 13 | 200000/- | ബേസ്മെന്റ്. |
| 2 | നാസില റഹീം വാർഡ് 13 | 300000/- | റൂഫ് ചെയ്തിട്ടില്ല |
| 3 | അഞ്ജു ഷാജി, ഷാജിഭവനം, വാർഡ് 11 | 200000/- | ഭിത്തിമട്ടം പൂർത്തീ കരിച്ചിട്ടില്ല. |
| 4 | മിനി മുരളീധരൻ പിള്ള | 200000/- | പണി പൂർത്തീകരിച്ചില്ല |
| 5 | സുധർമ്മണി ശോഭനൻ | 200000/- | പണി പൂർത്തീകരിച്ചില്ല |
| പട്ടികജാതി വിഭാഗം | | | |
| 1 | ശ്രീമതി. അശ്വതി സിബീഷ്, പൊയ്കയിൽ പുത്തൻവീട് വാർഡ് 9 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |
| 2 | ധന്യാലക്ഷ്മി, അജിഭവനം വാർഡ് 6 | 200000/- | ഫൗണ്ടേഷൻ പൂർത്തീകരിച്ചു |
| 3 | രാധാമണി, എസ്.എം.സി വാർഡ് 19 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികൾക്കു വേണ്ടി ചെലവഴിച്ച തുക പലിശ സഹിതം ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം 14/13-7-22

1-30 സി എച്ച് സിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അക്കൗണ്ടിൽ വരവ് വന്നില്ല

ഇളമ്പല്ലൂർ സി എച്ച് സിയിലെ ജീവനക്കാരുടെ 2020 -21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ ഒന്നാം അർദ്ധവർഷത്തിലെ തുകയായ 28,750/- രൂപ 17 -8 -2020-ലെ രസീത് നമ്പർ 12002050018 തീയതി പ്രകാരം ഒടുക്കുവരുത്തിയതായി അന്നേ ദിവസത്തെ ഡേ ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് റിട്ടേൺ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഈ തുക നാളിതുവരെ ബാങ്കിൽ വരവ് വന്നതായി കാണുന്നില്ല.ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.ചെക്ക് റിട്ടേണായ സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.ചെക്ക് റിട്ടേണായ സാഹചര്യത്തിൽ തൊഴിൽ നികുതി ഈടാക്കതിനാൽ 28750 രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു.തൊഴിൽ നികുതിയായ 28750/-രൂപ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ -18/13.7.22

1-31 രേഖകൾ ഹാജരാക്കിയില്ല, ചെലവു തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകളുടെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 140 | വൃദ്ധർക്ക് കട്ടിൽ (വികസന ഫണ്ട് എസ്.സി.പി) | 203710/- | 203710/- (ബിൽ നം.1/22.4.20) |
| 203 | ഹരിത സഹായ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തൽ (തനത് ഫണ്ട്) | 135000/- | 135000/- (ചെക്ക് നം. 2996383/14.5.20) |
| | | ആകെ | 338710/- |

ആയത് ഹാജരാക്കണമെന്ന് ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 3,38,710/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഫയലും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വസിഷൻ നമ്പർ 1/4-7-2022

തടസ്സപ്പെടുത്തിയ തുക -3,38,710/-രൂപ

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സി എച്ച് സിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അക്കൌണ്ടിൽ വരവ് വന്നില്ല

ഇളമ്പല്ലൂർ സി എച്ച് സിയിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ ഒന്നാം അർദ്ധവർഷത്തിലെ തുകയായ 28,750/-രൂപ 17 -8 -2020-ലെ രസീത് നമ്പർ 12002050018 തീയതി പ്രകാരം ഒടുക്കുവരുത്തിയതായി അന്നേ ദിവസത്തെ ഡേ ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് റിട്ടേൺ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഈ തുക നാളിതുവരെ ബാങ്കിൽ വരവ് വന്നതായി കാണുന്നില്ല.ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.ചെക്ക് റിട്ടേണായ സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.ചെക്ക് റിട്ടേണായ സാഹചര്യത്തിൽ തൊഴിൽ നികുതി ഈടാക്കതിനാൽ 28750/- രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു.തൊഴിൽ നികുതിയായ 28,750/-രൂപ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ -18/13.7.22

വരവ് നഷ്ടം-28,750/- രൂപ

### 2-2 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ 82856 രൂപയുടെ നഷ്ടം

2020 21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണയിച്ച് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ മേഖലാവിഭജനം എന്നിവ ,19-10-2011ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയുമായാണ് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ടുള്ളത് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഉയർന്ന

നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. അതുപോലെ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുകയും ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ച കെട്ടിടത്തിന് അനധികൃതമായി ഒന്നാം നിലയുടെ 5% ഇളവ് നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | | | | നിർണ്ണയിക്കേണ്ടിയിരിക്കുന്ന വസ്തുനികുതി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണം | നിരക്ക് | വർദ്ധനവ് 20% | ഇളവ് (മേഖല 10%, മേൽക്കൂര 10%, ഒന്നാം നില 5%) 25% | ലൈബ്രറി സെസ് (5%) | നിർണ്ണയിച്ച വസ്തു നികുതി | നിരക്ക് | ഇളവ് 20% | വർദ്ധനവ് 20% | ലൈബ്രറി സെസ് (5%) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി |
| 16/879 | ആനന്ദ്, ആനന്ദ് ഭവൻ, ആലുംമൂട് | 152.25 | 50/- | - | 1827/- | 290/- | 6076/- | 60/- | 1827/- | 1827/- | 457/- | 9592/- |

വസ്തുനികുതി നിർണ്ണയിച്ചതിലെ മേൽപ്പറഞ്ഞ അപാകത മൂലം കെട്ടിടത്തിന്റെ വസ്തുനികുതിയിനത്തിൽ പ്രതിവർഷം 3,516/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 2) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2020-21 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 2/07.07.2022

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്താണ് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് കെട്ടിടനികുതി നിർണ്ണയിച്ചപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കുന്നില്ല.

1) ബിനു ജോൺ,ജോൺസ് ഭവനം,കരിപ്പുറം എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷപ്രകാരം 4/1059 മുതൽ 4/1062വരെയുള്ള കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 2951.84ച.മീറ്ററാറാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/കെട്ടിടനമ്പർ | വിസ്തീർണം | നിരക്ക് | അടിസ്ഥാന വസ്തുനികുതി (₹) | വർദ്ധനവ് 20% (₹) | ഇളവ് (₹) | ലൈബ്രറി സെസ് (₹) | നിർണ്ണയിച്ച വസ്തു നികുതി (₹) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 4/1059 | 763.14 | 80 | 61051/- | 12210/- | - | 3664/- | 76926/- |
| 4/1060 | 740.58 | 80 | 59246/- | 11850/- | 3555/- | 3378/- | 70920/- |
| 4/1061 | 620.45 | 80 | 49636/- | 9928/- | 5957/- | 2681/- | 56289/- |
| 4/1062 | 40.61 | 80 | 3248/- | 651/- | 584/- | 166/- | 3481/- |

787.06 ച.മീറ്റർ സെല്ലാർ പാർക്കിംഗ് ഏരിയ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ കെട്ടിടനികുതിയിനത്തിൽ 79,334/-രൂപയുടെ (787.06x80= 62964.8 + 20% വർദ്ധനവ്+ 5% ലൈബ്രറി സെസ്) കുറവുണ്ടായിട്ടുണ്ട് ഇത് സംബന്ധിച്ച് എൻക്വയറി സെക്രട്ടറി ലഭ്യമാക്കിയ മറുപടി സെല്ലാർ പാർക്കിംഗ് ഏരിയ വസ്തുനികുതി നിർണ്ണയത്തിന്റെ പരിധിയിൽ വരുന്നില്ല എന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. പാർക്കിംഗ് ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ച് 2020-21 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 1/07.07.2022
വരവ് നഷ്ടം – 82,850/-രൂപ (3,516 + 79,334)

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രോജക്ട് നമ്പർ S0169/21കുടിവെള്ള പദ്ധതി-വാർഡ് 2 പദ്ധതി പൂർത്തീകരിക്കാൻകഴിഞ്ഞില്ല.80310/- രൂപ നിരാകരിക്കുന്നു,13,19,135/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഇനത്തിൽ 1500000/-രൂപ വകയിരുത്തി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു ഇത്. (പ്രോജക്ട് നമ്പർ 134/18-19,SO 184/19-20; ടി.എസ് നമ്പർ 66859/18-19).
പദ്ധതി നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.

ഈ പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം വാർഡ് 2 ൽ നിലവിലുണ്ടായിരുന്ന കുടിവെള്ള കിണർ ആഴവും വിസ്തൃതിയും വർധിപ്പിച്ച് '300cm Dia And 30 Cm Height And 7.5cm Thick RC Ring' കൾ, ആവശ്യമായ പൈപ്പ് ലൈനുകൾ, വാട്ടർടാങ്ക്, വൈദ്യുത പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ച് രണ്ടാം വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിനായി ഈ ടെൻഡറിലൂടെ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ടുചെയ്ത ശ്രീ. അശോകൻ എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും, എസ്റ്റിമേറ്റ് നിരക്കിൽ ടിയാളുമായി 28.11.18ൽ പ്രവൃത്തി നിർവഹണം സംബന്ധമായി അസി.എഞ്ചിനീയർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. (കരാർ നംമ്പർ 70/AE/ELM /LSGD/18-19).

എന്നാൽ, തുടർന്ന് പരാമർശിത പ്രാഥമിക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്നും തികച്ചും വ്യത്യസ്ഥമായി 8.35 മീറ്റർ വീതി 8.60 മീറ്റർ നീളങ്ങളോടുകൂടി വാർഡ് 2 ൽ നിലനിന്നിരുന്ന ഒരു കുളത്തിൽ 11.3 മീറ്റർ ആഴത്തിലും 4.5 മീറ്റർ വ്യാസത്തിലും 0.25മീറ്റർ ഘനത്തിലും ഒരു കോൺക്രീറ്റ് കിണർ സ്ഥാപിച്ചിട്ടുള്ളതും ആയതിനെ ജി ഐ പ്ലേറ്റിലിുണ്ടാക്കിയിട്ടുള്ള മൂടിയാൽ അടച്ചിരിക്കുന്നതുമായാണ് 8.7.22ന് പ്രവൃത്തി നിർവഹണം നടത്തിയ അസിസ്റ്റന്റ് എൻജിനീയറുടെയും പഞ്ചായത്തിന്റെ നിലവിലെ ഓവർസിയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ കാണാൻ കഴിഞ്ഞത്.9മീറ്റർ ആഴത്തിലും4.5 മീറ്റർ വ്യാസത്തിലും മൺപണി നടത്തിയാണ് കിണർ വാർത്തിട്ടുള്ളത്.ഫോട്ടോ ചുവടെ ചേർക്കുന്നു.



പദ്ധതിയുടെ ആകെ ചെലവ് 1399445/-രൂപ. (ബിൽ നം.70/13.01.2021)

പദ്ധതിനിർവഹണം സംബന്ധമായ ഫയൽ പരിശോധിച്ചതിന്റേയും,പദ്ധതിപ്രദേശം സന്ദർശിച്ചതിന്റേയും അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പദ്ധതിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റിൽ 81.36%തുകയും വകയിരുത്തിയിരുന്നത് ടെന്റർ ചെയ്യപ്പെടുകയും ആയതുപ്രകാരം കരാർ അംഗീകരിക്കപ്പെടുകയുംചെയ്ത ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന ഇനങ്ങൾക്കായിട്ടുകൂടി ആദ്യത്തെ ടെൻഡർ നടപടികൾ ക്യാൻസൽ ചെയ്ത് പുതിയ എസ്റ്റിമേറ്റ് പ്രവൃത്തികൾക്കായി പുതിയ ടെൻഡർ നടത്തി കരാറുകാരനെ കണ്ടെത്താൻ തയ്യാറാകാതെ പഴയ കരാറുകാരനു തന്നെ ടെൻഡർ നിരക്കിൽ(ക്വോട്ടുചെയ്യപ്പെട്ട നിരക്ക്) പ്രവൃത്തികൾ അനുവദിച്ച് നൽകി. ഇതുമൂലം 81.4%തുകകളുടെ പ്രവൃത്തികളും ടെൻഡർ ചെയ്യപ്പെടാതെ നടപ്പിലാക്കപ്പെട്ടു.ഇത്തരത്തിൽ ടെൻഡർ നടപടികൾ ഒഴിവാക്കി പദ്ധതിനിർവഹണം നടത്താൻ മുൻകൂർ അനുമതിയോ,നടപടികൾക്കു ശേഷം അംഗീകാരമോ പഞ്ചായത്ത് ഭരണസമിതി നൽകിയിട്ടുള്ളതായും ഫയലിൽ രേഖയില്ല.

2. പരിഷ്കരിച്ച എസ്റ്റിമേറ്റിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ,മോട്ടോർ പമ്പ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ ഒഴിവാക്കി കുടിവെള്ള കിണറും പൈപ്പ് ലൈൻ സ്ഥാപിക്കലും മാത്രമാക്കി പദ്ധതി പ്രവർത്തനങ്ങൾ ചുരുക്കി. ഇതുമൂലം പദ്ധതിപ്രവർത്തനം ഫലപ്രാപ്തികൈവരിക്കാതെ അവശേഷിക്കുന്ന നില ഉണ്ടായി.ഇത്തരം ഒരു അവസ്ഥ സംജാതമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിക്കാനുണ്ടായ സാഹചര്യം ഫയലിൽ വ്യക്തമല്ല.

3. പൈപ്പ് ലൈൻ സ്ഥാപിക്കലിനും അനുബന്ധ പ്രവർത്തനങ്ങൾക്കുംമാത്രമായി 345465/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ പ്രദേശങ്ങളിലെ എത്രയെത്ര വീടുകളിൽ കുടിവെള്ളം എത്തിക്കേണ്ടിവരുമെന്നോ, എത്ര കപ്പാസിറ്റി ഉള്ള വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടി വരുമെന്നോ, വാട്ടർ ടാങ്ക് എവിടെയാണ് സ്ഥാപിക്കുന്നത് എന്നോ മറ്റും വ്യക്തമാക്കുന്ന യാതൊരുവിധ പഠനറിപ്പോർട്ടുകളും നടത്തിയതായി ഫയലിൽ രേഖയില്ല.

4. വാട്ടർ ടാങ്ക്, ജലസേചന പമ്പ് എന്നിവ സ്ഥാപിക്കാൻ തുക വകയിരുത്തിയിട്ടില്ലാത്തതും കുടിവെള്ളവിതരണം സംബന്ധമായി യാതൊരു ധാരണയും രൂപപ്പെടുത്തിയിട്ടില്ലാത്തതുമായ പദ്ധതിയുടെ എസ്റ്റിമേറ്റിൽ(RevisedEstimate) മേൽ പരാമർശിച്ചവിധം 345465/- രൂപ പൈപ്പ് ലൈൻ സ്ഥാപിക്കലിനായി വകയിരുത്തി ചെലവഴിക്കുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമല്ല.

5. പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്ന എം ബുക്ക് നമ്പർ 55/19-20 ൽ 1 മുതൽ 38 വരെ പുറങ്ങളിൽ കിണർ നിർമ്മാണത്തിന്റെ അളവുകൾ അസിസ്റ്റന്റ് എൻജിനീയർ 12.4.19 മുതൽ31.8.19 വരെ തീയതികളിലായി രേഖപ്പെടുത്തിയിട്ടുള്ളതായും 02.9.19 ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതായും കാണുന്നു. എന്നാൽ ഇത്തരത്തിൽ കോൺക്രീറ്റ് കിണർ നിർമ്മിക്കുന്നതിനാവശ്യമായ വിധത്തിൽ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് അനുമതി നൽകിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് 10.03.20ൽ മാത്രമാണെന്നും കാണുന്നു. (തീരുമാനം നമ്പർ 1/16). പ്രാഥമിക ഭരണാനുമതിക്കു പോലും കാത്തുനിൽക്കാതെയാണ് കോൺക്രീറ്റ് കിണർ നിർമ്മാണം പൂർണ്ണമായും നടത്തിയിട്ടുള്ളത് എന്ന് മേൽ വസ്തുതകൾ വ്യക്തമാക്കുന്നു.

യാതൊരുവിധ അനുമതികൾക്കും കാത്തുനിൽക്കാതെയും യാതൊരുവിധ പഠനറിപ്പോർട്ടുകളും തയ്യാറാകാതെയും ഇത്തരത്തിൽ പദ്ധതി പ്രവർത്തനം നടത്തുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമല്ല.

6. റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റം ഇനം നം 1ആയി കോൺക്രീറ്റ് കിണറിന് ചുറ്റും കിണറിന്റെ മുകൾഅറ്റത്തുനിന്നും1.3മീറ്റർ മുതൽ താഴേക്ക് 1 മീറ്റർ ഘനത്തിൽ 40mm മെറ്റൽ നിരത്തിയിട്ടുള്ളതായും(ആകെ 71.810m3-25.504m3=46.306m3)അതിലും താഴേക്ക് 8.15 മീറ്റർ ആഴത്തിൽ 78.309 എം ക്യൂബ് (3.14x3.060x8.15 എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഘനം രേഖപ്പെടുത്തിയിട്ടില്ല)അളവിൽ 20mm മെറ്റൽ നിറച്ചതായും എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. 20mm മെറ്റൽ നിറച്ച ഇനത്തിലുള്ള ചെലവ് 80310/- രൂപ ഉൾപ്പടെ രണ്ട് ഇനങ്ങൾക്കുമായി ആകെ124.615m3 ന് 1025.55/m3 നിരക്കിൽ 127798.91രൂപ കരാറുകാരന് അനുവദിച്ച നൽകിയിട്ടുണ്ട്. (എം ബുക്ക് പേജ് നമ്പർ 60). എന്നാൽ കോൺക്രീറ്റ് കിണർ സ്ഥാപിക്കുന്നതിനായി മൺപണി നടത്തിയ അതേ വ്യാസത്തിൽ തന്നെയാണ് കോൺക്രീറ്റ് കിണറും നിർമിച്ചിട്ടുള്ളത് എന്നതിനാൽ മേൽ പരാമർശിച്ച വിധം 20mm മെറ്റൽ നിറയ്ക്കുക എന്നത് പ്രായോഗികമല്ല.

7. എസ്റ്റിമേറ്റിൽ 2,3ഇനങ്ങളായിയഥാക്രമം177.521m3മണ്ണും(@246.34=43730.52/-രൂപ), 23.84m3 Ordinary Rock ഉം(@408.37=9735.54/-രൂപ)കുഴിച്ചെടുത്തിട്ടുണ്ട്. (ആകെ ചെലവ്.53466/-രൂപ).എന്നാൽ ഇത്തരത്തിൽ ലഭിച്ച മണ്ണും പാറയും എന്ത്ചെയ്തു എന്നതു സംബന്ധമായി ഫയലിൽ രേഖയില്ല.

മേൽ പരാമർശിത അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് വേണ്ടി 2021-22 വർഷത്തിൽ പ്രൊജക്റ്റ് രൂപീകരിച്ചിരുന്നവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഹാജരാക്കാനാവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.7/11.07.2022).

പദ്ധതി ആസൂത്രണത്തിലും നടപ്പിൽ വരുത്തിയതിലും പദ്ധതി നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർപദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് തുടർന്നുള്ള വർഷങ്ങളിലും കഴിഞ്ഞിട്ടില്ല എന്നത് ബന്ധപ്പെട്ടവർ പദ്ധതിയോടു കാണിക്കുന്ന അനാസ്ഥ വ്യക്തമാക്കുന്നു.

മേൽ ക്രമനമ്പർ 6 ൽ പരാമർശിച്ച 20mm മെറ്റൽ നിറച്ച ഇനത്തിലുള്ള ചെലവ് 80,310/-രൂപ നിരാകരിക്കുന്നു.ടി തുക, പദ്ധതിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിനനുസൃതമായി പ്രവൃത്തി നിർവഹണം നടത്തുകയും അളവുകൾ രേഖപ്പെടുത്തി അവസാന ബിൽത്തുക കണക്കാക്കുകയും ചെയ്ത അസി.എഞ്ചിനീയർ ശ്രീമതി ലിജിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

13,99,445/-രൂപ ചെലവഴിച്ചശേഷം ഫലപ്രാപ്തി കൈവരിക്കാതെ പദ്ധതി വഴിയിലുപേക്ഷിച്ചിരിക്കുന്ന നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല.ആയതിനാൽ 13,99,445/-രൂപയിൽ മേൽ നിരാകരിക്കപ്പെട്ട 80,310/-രൂപ കിഴിച്ചുള്ള 13,19,135/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പരാമർശ അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കൂടാതെ പദ്ധതിപ്രവർത്തനങ്ങൾ ഫലപ്രാപ്തികൈവരിക്കുംവിധം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റ്തടസ്സം ഒഴിവാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3-2 ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻപദ്ധതി ലക്ഷ്യം കൈവരിച്ചില്ല

2020-21 സാമ്പത്തിക വർഷത്തിൽ കാലാവധി അവസാനിക്കുന്ന ഭരണസമിതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (252/20-21) എന്ന പദ്ധതി. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 252/20-21 – ഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ |

| | |
|---|---|
| അടങ്കൽ | 1,00,000/-രൂപ, തനത് ഫണ്ട് |
| ചെലവ് | 50,000/-രൂപ (ചെക്ക് നമ്പർ. 252621/11.11.20) |

4.08.20 ലെ സ.ഉ.(സാധാ) നം. 1452/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കഴിഞ്ഞ ഭരണസമിതിയുടെ കാലത്തെ വികസന ക്ഷേമപ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനതു ഫണ്ടിൽനിന്ന് 1,00,000/-രൂപ ചെലവഴിക്കാൻ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 23.09.20 ലെ 7/1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനും ആയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന്, 20-30 മിനിറ്റ് ദൈർഘ്യം ഉള്ള ഡോക്യുമെന്റേഷനു വേണ്ടി പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിലെ പാനൽ സംവിധായകനായ ശ്രീ. വിജുവർമ്മയ്ക്ക് 50,000/- രൂപ (ചെക്ക് നമ്പർ. 252621/11.11.20) മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽഭരണ സമിതി വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ഡോക്യുമെന്റേഷനുവേണ്ടി മുൻകൂറായി അനുവദിച്ച 50,000/-രൂപ പത്തു ദിവസത്തിനകം പലിശ സഹിതം ഒടുക്കു വരുത്തേണ്ടതാണെന്നും, അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 11.07.2022 ലെ B2 920/22ാം നമ്പർ പ്രകാരം സെക്രട്ടറി ശ്രീ. വിജുവർമ്മയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കാലാവധി അവസാനിക്കുന്ന ഭരണസമിതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി രൂപീകരിച്ച പദ്ധതി നടപ്പിലാക്കാത്തതിനാൽ ഡോക്യുമെന്റേഷനുവേണ്ടി മുൻകൂറായി അനുവദിച്ച 50,000/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. മേൽ ഉത്തരവ് പ്രകാരം തുക അഡ്വാൻസായി നൽകാൻ നിർദ്ദേശിച്ചിട്ടില്ല. കരാർ വയ്ക്കാതെ മുൻകൂർ നല്കിയതിനാൽ, തുക തിരികെ ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കാനും കഴിയില്ല. കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും 50,000/-രൂപ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം- 4/08.07.22
നിരാകരിച്ച തുക – 50,000/-രൂപ

3-3 സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 173/21 ഭവനപുനരുദ്ധാരണം ജനറൽ<br>159/20 ഭവനപുനരുദ്ധാരണം ജനറലിന്റെ സ്പിൽഓവർ<br>(101/19 ന്റെ സ്പിൽഓവർ) |
| അടങ്കൽ തുക | 37500/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 37,500/-രൂപ (വികസനഫണ്ട് ജനറൽ) |

101/19 എന്ന 2018-19-ലെ ഭവന പുനരുദ്ധാരണ പദ്ധതി(പൊതു വിഭാഗം)യുടെ സ്പിൽ ഓവർ പദ്ധതിയായ 2019-20-ലെ 159/20 എന്ന പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ 2018-19-ൽ ആനുകൂല്യത്തിന് അപേക്ഷിക്കുകയോ എഗ്രിമെന്റിലേർപ്പെടുകയോ ചെയ്യാത്ത വരും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റിയിൽ അവസാനമുള്ളവരുമായ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് സീനിയോറിറ്റിയിൽ മുന്നിലുള്ള 11ഓളം ഗുണഭോക്താക്കളെ മറികടന്നും സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി മുദ്രപ്പത്രത്തിലെ തീയതിയിൽ തിരുത്തു വരുത്തിയും സ്പിൽഓവർ പദ്ധതി വഴി 2019-20-ൽ ആനുകൂല്യം നല്കിയിരിക്കുന്നതായി കണ്ടു. ടി ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡു 20-21 സാമ്പത്തികവർഷം ആണ് നൽകിയത്. ടി ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്ന ആനുകൂല്യം നല്കിയതിന്റെ കാരണമോ ടി വ്യക്തികൾക്കു മുമ്പ് ഗുണഭോക്തൃലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ പക്കൽ നിന്നും ടിയാളുകൾക്ക് ആനുകൂല്യം ആവശ്യമില്ലെന്നുള്ള സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. 2018-19 ൽ 20 പേരുൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്നും 4 ഗുണഭോക്താക്കൾക്കാണ് (ക്രമ നം. 1, 2, 3, 5) ആനുകൂല്യം നല്കിയിട്ടുള്ളത്. കൂടാതെ ഒരു ഏകവർഷ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഭൗതീകമോ സാമ്പത്തികമോ ആയ ലക്ഷ്യം ,പദ്ധതി ആരംഭിച്ച വർഷത്തിൽ തന്നെ

പൂർത്തീകരിക്കാതാകുമ്പോൾ പദ്ധതി സ്പിൽഓവറാക്കാമെന്നും സ്പിൽഓവറായ വർഷം തന്നെ പദ്ധതിപൂർത്തീകരിക്കണമെന്നും പദ്ധതിമാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ മേൽ നിബന്ധനകൾ പാലിക്കാതെ 159/20 എന്ന സ്പിൽഓവർ പദ്ധതി 2020-21ൽ 173/21 എന്ന പദ്ധതി വഴി വീണ്ടും സ്പിൽഓവറാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | മുദ്രപ്പത്രത്തിലെ യഥാർത്ഥ തീയതി/നം. | തിരുത്തലിന് ശേഷം തീയതി | നല്കിയ തുക (₹) |
|---|---|---|---|---|
| സജീവ്, സുനിൽഭവനം, വാർഡ് നം12 | 18 | നം. 9503, തീ. 15-10-19 | നം. 9503, തീ. 15-10-18 | 25000/- (12500/- (ബിൽ നം 18/25-1-20 തുക 37500/-) (2019-20) 19-6-20ലെ ബിൽ വഴി 12500/-(2020-21) |
| സജിനി, തടവിളപുത്തൻവീട്, വാർഡ് നം12 | 17 | നം. 9505, തീ. 15-10-19 | നം. 9505, തീ. 15-10-18 | 25000/-(12500/- (ബിൽ നം. 18/25-1-20 തുക 37500/-) (2019-20) 19-6-20ലെ ബിൽ വഴി 12500/-(2020-21) |
| ഷജില,അനസ് വില്ല,വാർഡ് നം12 | 12 | നം9501, തീ.15-10-19 | നം9501, തീ.15-10-18 | 25000/-(12500/- (ബിൽ നം. 18/25-1-20 തുക 37500/-) (2019-20) 19-6-20ലെ ബിൽ വഴി 12500/-(2020-21) |

മേൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ചതിന്റെ തീയതികളോ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടോ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ പിന്നിലുള്ള ടി വ്യക്തികൾക്ക് അനർഹമായി ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ മുദ്രപ്പത്രത്തിൽ തിരുത്തുവരുത്തിയതിനും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറി കടന്ന് ആനുകൂല്യം നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് കൊണ്ട് മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നല്കിയ എൻക്വയറിക്ക് 14-7-20-ൽ ലഭ്യമാക്കിയ മറുപടിയിൽ മുൻ നിർവ്വഹണോദ്യോഗസ്ഥൻ ഫീൽഡ് തല വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റിൽ താഴെ ഉള്ള ഗുണഭോക്താക്കളെ 24-12-18ലെ (2018-19 സാമ്പത്തിക വർഷം) സാധാരണ യോഗത്തിൽ സാധൂകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കാഞ്ഞതിനെ തുടർന്ന് സകർമ്മ സോഫ്റ്റ് വെയറിൽ 24-12-18 ലെ കമ്മിറ്റി തീരുമാനം പരിശോധിച്ചതിൽ എസ്.സി ഭവനപുനരുദ്ധാരണത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ അവസാനം ഉൾപ്പെട്ടു പോയ 19 ാം വാർഡിലെ ശ്രീ. സുഭാഷിതൻ, സുലോചന മന്ദിരം, എസ്.എം.സി 174ന്റെ വീട് തീ പിടിച്ച് പോയതിനാൽ ടിയാന്

അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും 6ാം വാർഡിലെ രവീന്ദ്രൻ പിള്ള, രജിൻ ഭവനം എന്ന വ്യക്തിക്ക് അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും കമ്മിറ്റി അംഗീകരിച്ച എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും എൻക്വയറിയുടെ മറുപടിയിലും തെറ്റായ വിവരങ്ങളാണ് നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. 2020-21-ലും സ്പിൽഓവറാക്കിയതിന്റെ കാരണമായി മറുപടിയിൽ 2018-19 ലെ സ്പിൽഓവർ പ്രോജക്ടിന് ആനുകൂല്യം നല്കുന്നതിന് വേണ്ടിയുള്ള ബില്ല് വികസനഫണ്ട് ജനറലിന്റെ അഭാവം മൂലം 2019-20 സാമ്പത്തിക വർഷാവസനവും പെന്റിംഗ് ആയതിനെ തുടർന്നാണ് 2020-21ൽ വീണ്ടം സ്പിൽഓവറാക്കി ആനുകൂല്യം നല്കിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ട ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് രേഖകളിൽ തിരുത്തൽ വരുത്തിയുംഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി 2020-21-ൽ ചെലവഴിച്ച 37500/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 7-7-20 തീയതിയിലെ കമ്മറ്റി തീരുമാനത്തിൽ ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി അംഗീകരിച്ച കൊണ്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് ആരംഭിച്ചത് 6-7-20ൽ ആണ്. ഓഡിറ്റിൽ അപാകത കണ്ടെത്തിയപ്പോൾ ആയതിന് മാത്രം കമ്മിറ്റി തീരുമാനം എടുത്ത നടപടി അംഗീകരിക്കുന്നില്ല. സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ട ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് രേഖകളിൽ തിരുത്തൽ വരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. 2020-21 വർഷം അനുവദിച്ച നൽകിയ 37500/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അനർഹർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി രേഖകളിൽ തിരുത്തൽ വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥയുടെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുകയും ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ടിയാൾക്കെതിരെ വകുപ്പ് തല നടപടിയ്ക്ക് ശിപാർശ ചെയ്യുന്നു.

എൻക്വയറി നം-6/10.7.22
നിരാകരിച്ച തുക – 37,500/- രൂപ

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11-07-2022 | കെ.എസ്.എ.കെ.എൽ.എം.പി.7/1331/22 തീയതി 27/05/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2020-21 | 120000/- | 59/2020 പാലിന് സബ്സിഡി | 120000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 340000/- | 18/20 നെൽകൃഷി വികസനം | 340000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 175996/- | 19/20 തരിശു രഹിത പഞ്ചായത്ത് | 175996/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 780000/- | 177/20 ലൈഫ് | 780000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 450000/- | 201/20 ലൈഫ് | 450000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 2400000/- | 202/20 ലൈഫ് | 2400000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 1340000/- | 178/20 ലൈഫ് | 1340000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2020-21 | 1150000/- | 202/20 ലൈഫ് | 1150000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 300000/- | 1/അംഗനവാടി നിർമ്മാണം | 300000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 300000/- | 1/അംഗനവാടി നിർമ്മാണം | 300000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 300000/- | 1/അംഗനവാടി നിർമ്മാണം | 300000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 100000/- | 142/20 എെ.സി.ഡി.എസ് | 100000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 50000/- | 28/20 അംഗനവാടി അനുപൂരക പോഷകാഹാരം | 50000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 250000/- | 30/20സ്കോളർഷിപ്പ് | 250000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 101568/- | 30/20 അംഗനവാടി അനുപൂരക പോഷകാഹാരം | 101568/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 435357/- | 30/20 അംഗനവാടി അനുപൂരക പോഷകാഹാരം | 435357/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 500000/- | 30/20 അംഗനവാടി അനുപൂരക പോഷകാഹാരം | 500000/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 200000/- | 30/20 അംഗനവാടി അനുപൂരക പോഷകാഹാരം | 200000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 500000/- | വേടൻവിള-തടത്തിവിള റോഡ് | 500000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 150000/- | പാറവിള റോഡ് | 150000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 436472/- | ജയന്തി ജംഗ്ഷൻ റോഡ് | 436472/- | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 374955/- | പുന്തലഴികത്ത് മുതൽ തലപറമ്പ് റോഡ് | 374955/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 500000/- | പുതിയജംഗ്ഷൻ-മൂലവാരം റോഡ് | 500000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33/20-21 തീയതി 20-03-2021<br><br>27/20-21 തീയതി 17-02-2021 | 3178555/- | 0 | 3178555/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും

വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | | 43507413/- | 3424079/- | - | 40083334/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,816/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2012-13 | 3-1-5(12) | ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 28,750/- | - | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 2-2(1)<br>2-2(2) | 3,516/-<br>79,334/- | - | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 3-1 | - | 80,310/- | ശ്രീമതി ലിജി എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | - | 50,000/- | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3 | - | 37,500/- | ശ്രീമതി മനജ, വി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 6,25,672 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 1-14 | 1,00,147 | ഡോ. സീന എസ്. എൽ, വെറ്ററിനറി സർജൻ |
| 1-15 | 31,78,555 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 1-17 | 50,000/- | ശ്രീമതി ജയശ്രീ ജെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-20 | 13,19,135/- | ശ്രീമതി ലിജി എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 1-21 | 75,000/- | ശ്രീമതി. മനജ, വി.ഇ.ഒ. |
| 1-31 | 3,38,710/- | ശ്രീമതി ആമിനാബീവി, അസി. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി | വിരമിച്ചു | സങ്കീർത്തനം, അയത്തിൽ,കൊല്ലം |
| ശ്രീമതി ലിജി എസ്, അസിസ്റ്റന്റ് എൻജിനീയർ | മുതുകുളം ഗ്രാമപഞ്ചായത്ത് | എസ്.എസ്. മൻസിൽ, വേങ്ങ പി.ഒ, ശാസ്താംകോട്ട |
| ശ്രീമതി ജയശ്രീ ജെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ പത്തനാപുരം | സതി നിവാസ്, ചെന്തപുരം, വട്ടപ്പാല, വെക്കോട് പി ഒ |
| ശ്രീമതി മനജ, വി.ഇ.ഒ. | ജി.ഇ.ഒ മലപ്പുറം | കൃഷ്ണാലയം, അഷ്ടമുടി പി.ഒ, കൊല്ലം |
| ശ്രീമതി ആമിനാബീവി, അസി.സെക്രട്ടറി | വിരമിച്ചു | വടക്കതിൽ വീട്, കിളികൊല്ലൂർ പി.ഒ, കൊല്ലം |
| ഡോ. സീന എസ്. എൽ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ശ്രേയസ്സ്, ജനനി നഗർ, 25സി, കടപ്പാക്കട |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |

| | | |
|---|---|---|
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 6 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 9 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം.പി.7/812(1)/19/ 12.6.19 | 6 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി.7/812(2)/19/12.6.19 | 11 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി.7/812(3)/19/ 12.6.19 | 8 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി.7/812(4)/19/ 12.6.19 | 12 |
| 2010-11 & 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി.7/812(5)/19/ 12.6.19 | 10 |
| 2012-13 & 2013-14 | കെ.എസ്.എ-കെ.എൽ.എം-പി.1/2070/2014/27.10.15 | 19 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.1/1145/16/ 20.03.2017 | 32 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി.1/49/17/ 10.2.2017 | 17 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി.7/1373/17/ 9.10.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി.7/1542/18/ 13.11.18 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി.7/61/2020/ 25.2.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി.7/780/2020/30-3-2021 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്